LIBRARY ARCHIVES Kerala Legislative Assembly

154 (1580) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആക്കുളം കായൽ മോടിപിടിപ്പിക്കുന്നതിന്റെ ഭാഗമായി ചെളി നീക്കി ആഴം കൂട്ടാനും പായലുകൾ മാറ്റി ബോട്ട് ഓടിക്കാനും കായലോരത്തെ നടപ്പാത നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടുള്ള അഴിമതി സംബന്ധിച്ച വിജിലൻസ് കേസ്സിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിജിലൻസ് അന്വേഷണം പൂർത്തീകരിക്കാൻ മനപ്പൂർവ്വമായ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിജിലൻസ് അന്വേഷണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആക്കുളം കായൽ മോടി പിടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ക്യൂ.വി.06/2016/ Camp/SRT നമ്പരായി ദക്ഷിണ മേഖലാ ആഫീസിൽ ഒരു ത്വരിതാന്വേഷണം നടന്നു വരുന്നു. ഇത് സംബന്ധിച്ച് വിജിലൻസ് കേസ്സുകളൊന്നും നിലവിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ത്വരിതാന്വേഷണം യഥാസമയം പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്നും ജേക്കബ് തോമസിനെ മാറ്റിയ സാഹചര്യം**

155 (1581) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്നും ജേക്കബ് തോമസിനെ മാറ്റി നിർത്തുന്നതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) മുഖ്യമന്ത്രി പങ്കെടുത്ത ഏതെങ്കിലും യോഗത്തിൽ വിജിലൻസിന്റെ പ്രവർത്തനത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വിജിലൻസ് വകുപ്പിന്റെ സ്വതന്ത്രവും നീതി പൂർവ്വകവുമായ പ്രവർത്തനത്തിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്നും ശ്രീ. ജേക്കബ് തോമസിനെ മാറ്റി നിർത്തിയിട്ടില്ല. അദ്ദേഹം അവധിക്ക് അപേക്ഷിച്ചതിനെ തുടർന്ന് 1-4-2017-മുതൽ ഒരു മാസത്തെ ആർജ്ജിതാവധി അനുവദിച്ചിട്ടുണ്ട്. വീണ്ടും ഒരു മാസത്തേയ്ക്ക് കൂടി അവധി ദീർഘിപ്പിക്കാൻ അദ്ദേഹം അപേക്ഷിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) വിജിലൻസ് വകുപ്പ് സ്വതന്ത്രവും നീതിയുക്തവുമായാണ് പ്രവർത്തിക്കുന്നത്.

**വിജിലൻസിൽ പരാതി സ്വീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

156 (1583) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസിൽ ലഭിക്കുന്ന പരാതി സ്വീകരിക്കുന്നതിനും തുടർ അന്വേഷണം നടത്തുന്നതിനും മാനദണ്ഡങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെങ്കിലും ജീവനക്കാർക്കെതിരെ വ്യക്തി വിദ്വേഷത്തിന്റെയോ, പ്രതികാര മനോഭാവത്തിന്റെയോ ഭാഗമായി നൽകുന്ന പരാതികളിൽ അന്വേഷണം നടത്തുന്നതുമൂലം പ്രസ്തുത ജീവനക്കാർക്ക് ഉണ്ടാകുന്ന മാനസിക പിരിമുറുക്കങ്ങൾ അവരുടെ വ്യക്തി ജീവിതത്തിലും തൊഴിലിലും പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന വസ്തുത മനസ്സിലാക്കി അന്വേഷണങ്ങൾ നടത്തുവാൻ വിജിലൻസ് വകുപ്പിനെ സജ്ജമാക്കുവാൻ സാധിക്കുമോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 29-3-2017-തീയതിയിലെ ജി.ഒ.(പി)9/2017/വിജി. സർക്കാർ ഉത്തരവുപ്രകാരം പരാതി സ്വീകരിക്കുന്നതിനും തുടർ അന്വേഷണം നടത്തുന്നതിനുമുള്ള വ്യക്തമായ മാനദണ്ഡങ്ങൾ രൂപീകരിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**അഴിമതിക്കേസ്സുകളിൽ പ്രതികളായ സി-ഡിറ്റ് ജീവനക്കാർ**

157 (1584) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴിമതിക്കേസ്സുകളിൽ പ്രതികളായ എത്ര സ്ഥിരം ജീവനക്കാർ സി-ഡിറ്റിൽ ജോലി ചെയ്തു വരുന്നുവെന്ന് അവരുടെ പേരും തസ്തികയും സഹിതം വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി രൂപപ്പെടുത്തിയ

LIBRARY ARCHIVES Kerala Legislative Assembly